**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേന ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയിൽ ഏതു വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ; | (എ) | സർക്കാർ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ചീഫ് പ്രോജക്റ്റ് എക്സാമിനറുടെ നേതൃത്വത്തിൽ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം കിഫ്ബിയിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ സങ്കേതിക മികവുള്ള ഉദ്യോഗസ്ഥരെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) | ധനകാര്യ വകുപ്പിന്റെ സാങ്കേതിക പരിശോധനാ സംവിധാനമായ സി.റ്റി.ഇ.(ചീഫ് ടെക്നിക്കൽ എക്സാമിനർ)യെ ഒഴിവാക്കി ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നത് വിശദമാക്കുമോ; | (ബി) | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് 1999 പ്രകാരവും, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (ഭേദഗതി) ആക്ട് 2016 പ്രകാരവും ആണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കിഫ്ബി ആക്ട് പ്രകാരം സംസ്ഥാനത്തുള്ള കിഫ്ബി പദ്ധതികളുടെ പരിശോധിക്കുന്നതിനായി ഒരു ഇൻസ്പെക്ഷൻ വിഭാഗം ഉണ്ടാകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. അതു പ്രകാരം കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കേണ്ടത് കിഫ്ബിയിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ചുമതലയാണ് എന്നിരുന്നാലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന് സർക്കാർ കിഫ്ബി മുഖേന ഫണ്ട് ചെയ്യുന്ന പദ്ധതികളിൽ പരിശോധന നടത്തുന്നതിന് തടസ്സമൊന്നുമില്ല. |
| (സി) | കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശിക ഉണ്ടോയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ? | (സി) | കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതത് പദ്ധതി നിർവഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോട്ടു കൂടിയാണ് ലഭ്യമാക്കുന്നത്. അത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനു ശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് കിഫ്ബിയിൽ അവലംബിക്കുന്നത്. കിഫ്ബിയിലെ പരിശോധനകളിൽ ഏതെങ്കിലും വിധത്തിലുള്ള |

| | | | |
|---|---|---|---|
| | | | പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി ബിൽ വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളൂ. 23-08-2022 ലെ കണക്കനുസരിച്ച് 67 ബില്ലുകൾ കിഫ്ബിയിൽ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. അതിൻ മേൽ കിഫ്ബിയുടെ വിവിധ വിഭാഗങ്ങൾ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് തുകകൾ അനുവദിക്കുന്നതാണ്. പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ബില്ലുകളുടെ വീക്കിലി റിവ്യു ഉൾപ്പെടെ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ